**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **02-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - II** ആയും ചേർക്കുന്നു.<br><br>ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ മത്സ്യഫെഡ് പ്രോജക്ട് വിഭാഗവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) –<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ നൽകി വരുന്നു. പ്രസ്തുത വായ്പ പലിശ രഹിതമായിട്ടാണ് 2018 – 19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.<br><br>2. ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോട്കൂടിയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി.<br><br>മത്സ്യത്തൊഴിലാളി മേഖലയിലെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ |

കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി യുടേയും എൻ.എം.ഡി.എഫ്.സി യുടേയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്ത് വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകി വരുന്നു.

(3) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

ഈ പദ്ധതി വഴി മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധഘട്ടങ്ങളിലായി വിതരണം ചെയ്ത് വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷകാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ വിതരണം ചെയ്തു വരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(4) നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

നാടൻ വള്ളങ്ങൾ യന്ത്രവതികരിക്കുന്നതിന് 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ മോട്ടോറൈസേഷൻ സബ്സിഡിയും, 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് വലയുടെ വിലയുടെ 25% പരമാവധി 10000/- രൂപ വരെ വലയ്ക്കുള്ള സബ്സിഡിയും നൽകി വരുന്നു.

5. സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം ഭരണസമിതി നിലവിലുള്ളതും, എന്നാൽ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതുമായ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ച് വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ

നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് ഭരണസമിതിയുടെ തീരുമാന പ്രകാരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ഈ പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെൻറ്, പലിശ സബ്സിഡി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, ബ്രാൻറിങ്ങ് & മാർക്കറ്റിങ്ങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി

ഗ്രൂപ്പകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു.

സാഫ് മുഖേന ഈ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരു കുടുംബത്തിലെ ഒരു അംഗത്തിന് ഒരു തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "ഒരു കുടുംബം ഒരു ജോലി" പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 200 മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ഈ സംരംഭം ആരംഭിക്കുന്നതിന് അവസരം ഒരുക്കുന്നത്. ഈ പദ്ധതിയിലൂടെ സംരംഭം ആരംഭിക്കുന്നതിന് ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് അനുവദിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനുള്ള ബാക്കി തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് ലോണായോ കണ്ടെത്തേണ്ടതാണ്.

ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ **അനുബന്ധം - III** ആയി ചേർക്കുന്നു.

ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യകൃഷി മേഖലയിൽ ജനകീയ മത്സ്യകൃഷി (JMK), പ്രധാനമന്ത്രി മത്സ്യ സമ്പാദയോജന (PMMSY) പദ്ധതികൾക്ക് കീഴിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതിയിൽ തിലാപ്പിയ സെമി ഇന്റെൻസീവ്, വരാൽ പട്ടത കൃഷി, പങ്കേഷ്യസ് പട്ടത കൃഷി, തിലാപ്പിയ RAS, തിലാപ്പിയ ബയോഫ്ലോക്ക്,

| | | | |
|---|---|---|---|
| | | | വനാമി ബയോഫ്ലോക്ക്, കുളത്തിലെ കരിമീൻ, എക്സ്റ്റൻസീവ് കാർപ്പ്, അനാബസ് പടുത, അനാബസ് സെമി ഇന്റെൻസീവ് തുടങ്ങിയ ഘടക പദ്ധതികളും പി.എം.എം.എസ്.വൈ പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ്, എസ്റ്റാബ്ലിഷ്മെന്റ് ഓഫ് RAS, ത്രീ വീലർ വിത്ത് ഐസ് ബോക്സ്, ബയോ ഫ്ലോക്ക് ഇൻ പോണ്ട് തുടങ്ങിയ ഘടക പദ്ധതികളും മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇന്റെഗ്രേറ്റഡ് മോഡൽ ഫിഷിങ് വില്ലേജ് ഷിറിയ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ കമ്മ്യൂണിറ്റി ഫെസിലിറ്റി സെന്റർ , ഒബിഎം റിപ്പയർ സെന്റർ, പബ്ലിക് ടോയിലറ്റ് നിർമ്മാണം, ആർട്ടിഫിഷ്യൽ റീഫ്, കോൾഡ് സ്റ്റോറേജ് ഫെസിലിറ്റി, മൊബൈൽ ഫിഷ് വെൻറിംഗ് കിയോസ്ക്, മൊബൈൽ സീ ഫുഡ് കഫ്റ്റീരിയ, ഐസ് ബോക്സ് വിതരണം, കോസ്റ്റൽ ബയോ ഷീൽഡിംഗ് തുടങ്ങിയവ നടപ്പാക്കി വരുന്നുണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് മറൈൻ സ്കീമുകളായ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി, ഇൻസുലേറ്റഡ് ഐസ് ബോക്സ്, സീ സേഫ്റ്റി കിറ്റുകൾ സ്ക്വയർമെഷ് കോഡന്റ്, വാട്ടർ ടാങ്ക്, ചൂണ്ടയും നൂലും,എഫ് ആർ പി യാനം നൽകുന്നത് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കടൽത്തീരത്തു നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്ന പദ്ധതിയായ പുനർഗേഹം പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യ തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനോടൊപ്പം പഞ്ഞമാസങ്ങളിൽ സമ്പാദ്യ സുരക്ഷിതത്വം കൂടി ഉറപ്പുവരുത്തുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി ബോധവൽക്കരണ പരിപാടികളും, ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സൗജന്യ മെഡിക്കൽ ക്യാമ്പും നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതികളുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതികൾക്കായി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 4 സഹകരണ സംഘങ്ങൾ വഴി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം - IV** ആയി ചേർക്കുന്നു.<br><br>സാഫ് നിർവ്വഹണ ഏജൻസിയായിട്ടുള്ള പദ്ധതികൾക്കായി അനുവദിച്ച തുക **അനുബന്ധം V** |

| | | | |
|---|---|---|---|
| | | | ആയി ചേർക്കുന്നു.<br><br>**പദ്ധതികളുടെ നിലവിലെ നിർവഹണ പുരോഗതി -**<br>ഈ മണ്ഡലത്തിൽ നടപ്പിലാക്കിയ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെ യൂണിറ്റുകൾക്ക് 8.49 ലക്ഷം രൂപ വിറ്റുവരവ് ലഭിക്കുകയും 2367 പ്രവർത്തി ദിനങ്ങളിൽ ആയി 50,000 രൂപ ഒരംഗത്തിന് വേതനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതി വഴി റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ള യൂണിറ്റുകൾ ഫണ്ട് കൃത്യമായി തിരിച്ചടക്കുകയും തുടർഘട്ടങ്ങളിൽ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി), ഒരു കുടുംബം ഒരു ജോലി എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസി ആയിട്ടുള്ള പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ **അനുബന്ധം - VI** ആയി ചേർക്കുന്നു.<br><br>കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ PMMSY പദ്ധതി മുഖേന 77 ലക്ഷം രൂപയും JMK പദ്ധതി മുഖേന 34 ലക്ഷം രൂപയും ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 2020-2025 കാലയളവിൽ മഞ്ചേശ്വരം മണ്ഡലത്തിലെ 1516 മത്സ്യത്തൊഴിലാളികൾക്കായി 3,21,88,500/-രൂപ അനുവദിച്ചിട്ടുണ്ട്.പുനർഗേഹം പദ്ധതിയ്ക്കായി മഞ്ചേശ്വരം മണ്ഡലത്തിലെ 22 ഗുണഭോക്താക്കൾക്കായി 2,06,04,040/-രൂപ അനുവദിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 23.2 കോടി രൂപ ചെലവിൽ കുമ്പള പഞ്ചായത്തിലെ കോയിപ്പാടിയിൽ 5 ബ്ലോക്കുകളിലായി 120 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ഇൻറഗ്രേറ്റഡ് മോഡൽ ഫിഷിംഗ് വില്ലേജ്, ഷിറിയ എന്ന പദ്ധതിയിൽ 6.41 കോടി രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ ) | നിർവ്വഹണ പുരോഗതി |
|---|---|---|---|
| **തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി** | | | |
| **2021-2022** | | | |
| 1 | ഹൊസബെട്ടു ബീച്ച് റോഡ് 2nd ഫേസ് കോൺക്രീറ്റ് വർക്ക് വെസ്റ്റ് റോഡ് കോൺക്രീറ്റ് | 86 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ആരിക്കാടി കടവത്ത് പാറ റോഡ് | 18.3 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2022-2023** | | | |
| 3 | കളത്തൂർ പള്ള പാമ്പാടി റോഡ് | 33.2 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2023-2024** | | | |
| 4 | കൽപ്പാറ കളായി റോഡ് | 82 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2024-25** | | | |
| 5 | ആരിക്കാടി കടവത്തുപ്പാറ റോഡ് | 19.6 | കരാറുകാരനെ ടെർമിനേറ്റ് ചെയ്തു റീ ടെൻഡർ ക്ഷണിച്ചു |
| 6 | നയാബസാർ അയ്യ ബീച്ച് റോഡ് - മംഗൽപാടി ഗ്രാമ പഞ്ചായത്ത് | 66.4 | പ്രവൃത്തി പുരോഗമിക്കുന്നു |
| **2025-26** | | | |
| 7 | നവകേരള സദസ്സ് -കടമ്പാർ മച്ചമ്പാടി റോഡ് | 200.00 | ടെൻഡർ ക്ഷണിച്ചു |
| 8 | നവകേരള സദസ്സ്- മുട്ടം ബേരിക്ക- പെരിങ്കടി കടപ്പുറം മണിമുണ്ട - കണ്ണങ്കളം മുസോടി ഹാർബർ റോഡ് | 431.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 9 | ബഡ്ജറ്റ് 2024-25-അടുക്ക ഉളസനടി അടുക്ക വല്ലാക്ക് റോഡ് | 50.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| **2. മറ്റ് പ്രവർത്തികൾ** | | | |
| 1 | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഫിഷറി ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി | 99.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | പുനർഗേഹം- കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽ മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 144 ഫ്ലാറ്റുകളുടെ നിർമ്മാണം | 2320.00 | രണ്ട് യൂണിറ്റുകളുടെ നിർമ്മാണം 2026 ഫിബ്രവരി മാസത്തോടുകൂടി പൂർത്തീകരിക്കും.ബാക്കി 3 യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിൽ ഫ്ളോട്ടിങ് ജെട്ടി നിർമ്മിക്കുന്ന പ്രവർത്തി | 160.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയാറാക്കി വരുന്നു |

**അനുബന്ധം-II**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ പുരോഗതി |
|---|---|---|
| 1 | N.H. ഒലയം – അടക്ക റോഡ് മംഗൽപാടി ഗ്രാമ പഞ്ചായത്ത് | പ്രസ്തുത പ്രവൃത്തിയുടെ 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നത് നിലവിൽ പരിഗണിച്ചിട്ടില്ല. |
| 2 | ബഡ്ജറ്റ് 2025-26- ശശിഹിത്തുവിൽ സുറുമത്തോട് - ചെറു പാലം പ്രവൃത്തി | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| 3 | ബഡ്ജറ്റ് 2025-26- ഉപ്പള ടൗൺ റെയിൽവേ സ്റ്റേഷൻ റോഡ് മംഗൽപാടി ഗ്രാമപഞ്ചായത്ത് | പ്രസ്തുത പ്രവൃത്തിയുടെ 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നത് പരിശോധിച്ചു വരുന്നു. |
| 4 | ബഡ്ജറ്റ് 2021-22-ഹൊസബെട്ടു ബീച്ച് റോഡ് - കണ്വതീർത്ഥ റോഡ് മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് | പ്രസ്തുത പ്രവൃത്തിയുടെ 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നത് പരിശോധിച്ചു വരുന്നു. |
| 5 | കോയിപ്പാടി - കൊപ്പളം പേർവാട് തീരദേശ റോഡ് | പ്രസ്തുത പ്രവൃത്തിയുടെ 103 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നത് പരിശോധിച്ചു വരുന്നു. |
| | **2. മറ്റ് പ്രവർത്തികൾ** | |
| | NABARD- FIDF ഉൾപ്പെടുത്ത മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി | പ്രോജക്ട് ഡിപിആർ CICEF Comments പ്രകാരം പുതുക്കി സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |

## അനുബന്ധം – III

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| | **2021–22 സാമ്പത്തിക വർഷം** | |
| 1 | ജി എഫ് എൽ പി എസ്, അരിക്കാടി കുമ്പള – പുനരുദ്ധാരണം | 33.17 |
| | **2024–25 സാമ്പത്തിക വർഷം** | |
| 2 | കേന്ദ്ര സംസ്ഥാന ധനസഹായ പദ്ധതി – PMMSY – IMCFV – ഷിറിയ മത്സ്യഗ്രാമം | 704.32 |

## അനുബന്ധം – IV

| ക്രമ നം | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | നിർവ്വഹണ ഏജൻസി | നിലവിലെ നിർവ്വഹണ പുരോഗതി |
|---|---|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോട് കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) | 163.13 | മത്സ്യഫെഡ് | 100% |
| 2 | ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോട് കൂടിയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി. | 64.00 | മത്സ്യഫെഡ് | 100% |
| 3 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി | 55.60 | മത്സ്യഫെഡ് | 100% |
| 4 | വലകൾക്കുള്ള സബ്സിഡി | 0.48 | മത്സ്യഫെഡ് | 100% |
| | **ആകെ** | **283.21** | | |

**അനുബന്ധം – V**

**സാഫ് പദ്ധതികൾക്ക് അനുവദിച്ച തുക**

| ക്രമ നം. | പദ്ധതിയും ഘടകങ്ങളും | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ചെറുകിടതൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി(ഡിഎംഇ) | 7 | 17 | 17,68,714/- |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾ വിംഗ് ഫണ്ട് | 2 | 6 | 85,000/- |
| 3 | ഗ്രാജ്ജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 1 | 2 | 5,160/- |
| 4 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 2 | 10 | 5,00,000/- |
| ആകെ | | 12 | 35 | 23,58,874/- |

# <u>അനുബന്ധം – VI</u>

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ നിർവ്വഹണ പുരോഗതി |
|---|---|---|---|
| **2021-22 സാമ്പത്തിക വർഷം** | | | |
| 1 | ജി എഫ് എൽ പി എസ്, അരിക്കാടി കുമ്പള – പുനരുദ്ധാരണം | 33.17 | പദ്ധതി പൂർത്തീകരിച്ചു. |
| **2024-25 സാമ്പത്തിക വർഷം** | | | |
| 2 | കേന്ദ്ര സംസ്ഥാന ധനസഹായ പദ്ധതി – PMMSY – IMCFV – ഷിറിയ മത്സ്യഗ്രാമം | 704.32 | |
| | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | | പദ്ധതി പുരോഗമിക്കുന്നു |
| | കോൾഡ് സ്റ്റോറേജ് ഫെസിലിറ്റി | | പദ്ധതി പുരോഗമിക്കുന്നു |
| | ഫിഷ് പ്രോസസിംഗ് കിയോസ്ക് | | പദ്ധതി പുരോഗമിക്കുന്നു |
| | സീഫുഡ് കഫേറ്റീരിയ | | പദ്ധതി പൂർത്തീകരിച്ചു. |
| | എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് | | പദ്ധതി ആരംഭിക്കേണ്ടതുണ്ട്. |
| | ഫിഷ് വെന്റിംഗ് കിയോസ്ക് | | പദ്ധതി പുരോഗമിക്കുന്നു |
| | കോസ്റ്റൽ ബയോഷീൽഡിംഗ് | | പദ്ധതി പുരോഗമിക്കുന്നു |
| | ആർട്ടിഫിഷ്യൽ റീഫ് | | പദ്ധതി പൂർത്തീകരിച്ചു. |
| | ഒബിഎം റിപ്പയർ സെന്റർ | | പദ്ധതി പുരോഗമിക്കുന്നു |
| | ഐസ് ബോക്സ് വിതരണം | | പദ്ധതി പൂർത്തീകരിച്ചു. |
| | പബ്ലിക് ടോയ് ലറ്റ് | | പദ്ധതി പുരോഗമിക്കുന്നു |